1998 ഡിസംബർ 31-ാം തീയതിയിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് നിലവിലുള്ള ഓരോ ഡിസ്റ്റിലറിയിലും എത്ര തൊഴിലാളികൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1998 ഡിസംബർ 31-ാം തീയതിയിലെ കണക്കനുസരിച്ച് ഓരോ ഡിസ്റ്റിലറികളിലുമുള്ള തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ - 105
2. മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല - 359
3. കാസനോവ ഡിസ്റ്റിലറി, കോട്ടയം - 40
4. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് തിരുവല്ല - 170
5. കെയ്സി ഡിസ്റ്റിലറി, തൃശൂർ - 45
6. പോൾസൺ ഡിസ്റ്റിലറി, തൃശൂർ - 70
7. സൂപ്പർസ്റ്റാർ ഡിസ്റ്റിലറി, തൃശൂർ - 27
8. തോട്ടയ്ക്കാട് ഡിസ്റ്റിലറി, ആലുവ - 14.

43 (335) വന സർവ്വേ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളുടെ സർവ്വേ എന്ന് തുടങ്ങി എന്നും കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്ത് വന സർവ്വേയ്ക്കുവേണ്ടി വിവിധ ഇനങ്ങളിൽ എത്ര രൂപ ചെലവായി എന്നും വ്യക്തമാക്കുമോ;

(ബി) വന സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പൂർത്തിയായി; എന്നത്തേക്ക് മുഴുവൻ വനവും സർവ്വേ ചെയ്യുവാനാകും;

(സി) വനസർവ്വേയ്ക്കുവേണ്ടി കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്ത് ചെലവ് ചെയ്ത തുക റെയിഞ്ച് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വനങ്ങളുടെ സർവ്വേ കേരളപിറവിക്ക് മുമ്പുതന്നെ ആരംഭിച്ചിരുന്നു. കഴിഞ്ഞ 5 കൊല്ലങ്ങളിൽ വനാതിർത്തികളുടെ സർവ്വേയ്ക്കും ഡിമാർക്കേഷനും വേണ്ടി ചെലവായ തുക താഴെ കാണിക്കുന്നു.

1994-95	107.68	ലക്ഷം രൂപ
1995-96	149.26	ലക്ഷം രൂപ
1996-97	160.39	ലക്ഷം രൂപ
1997-98	147.30	ലക്ഷം രൂപ
1998-99	106.75	ലക്ഷം രൂപ

(ബി) വനസർവ്വേ പൂർത്തിയായിട്ടുണ്ട്. എന്നാൽ അതിർത്തി തിരിച്ച് ജണ്ടയും കൈയാലയും നിർമ്മിക്കുന്ന ജോലികൾ പൂർത്തിയായിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly